"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - ജീവനക്കാര്യം- കൃഷി ഓഫീസർ ശ്രീ അരുൺ ടി. ടി. നിയമനത്തിനായി കാത്തിരുന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.907/2024/AGRI തീയതി,തിരുവനന്തപുരം, 26-09-2024

---

പരാമർശം:-

1. സ.ഉ.(സാ) നം 941/2022/ കൃഷി തീയതി 02/11/2022
2. സ. ഉ. (സാധാ)നം 1122/ 2022/ കൃഷി തീയതി 19/12/2022
3. സ. ഉ. (സാധാ)നം 452/ 2023/ കൃഷി തീയതി 12/05/2023
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 29/09/2023 ലെ ADFW/5255/2022-SD3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 മായി ബന്ധപ്പെട്ട് വിവിധ കൃഷി ഓഫീസുകളിൽ നടപടികൾ സ്വീകരിക്കാതെ കെട്ടിക്കിടക്കുന്ന ഭൂമിതരംമാറ്റ അപേക്ഷകളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരം പാലക്കാട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാകളക്ടർ നൽകിയ നിർദ്ദേശങ്ങളെ അവഹേളിക്കുന്ന തരത്തിൽ പരസ്യ പ്രതികരണം നടത്തുകയും അപമര്യാദയായി സംസാരിക്കുകയും ചെയ്തതിന് പാലക്കാട് പെരുവമ്പ് കൃഷി ഓഫീസർ ആയിരുന്ന ശ്രീ അരുൺ.ടി.ടി-യെ പരാമർശം (1) ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യുകയും KCS(CC&A) ചട്ടം 15 പ്രകാരം ടിയാൾക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ച് കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം ടിയാനെ അച്ചടക്ക നടപടി നിലനിർത്തി സർവ്വീസിൽ തിരിച്ചെടുത്തിരുന്നു. തുടർന്ന് പരാമർശം (3) ഉത്തരവ് പ്രകാരം ടിയാനെതിരെയുള്ള അച്ചടക്ക നടപടി സെൻഷർ നൽകി തീർപ്പാക്കിയും സസ്പെൻഷനിലായിരുന്ന കാലയളവ് എല്ലാ ആവശ്യങ്ങൾക്കും ഡ്യൂട്ടിയായി ക്രമപ്പെടുത്തിയും ഉത്തരവായിരുന്നു.

2. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ അരുൺ ടി. ടി. യെ കാസർഗോഡ് ജില്ലയിൽ നീലേശ്വരം കൃഷിഭവനിൽ നിയമിക്കുകയും 31/12/2022 അപരാഹ്നം ടിയാൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ടിയാൻ സസ്പെൻഷന് ശേഷം നിയമനത്തിനായി കാത്തിരുന്ന 20/12/2022 മുതൽ 30/12/2022 വരെയുള്ള ( 11 ദിവസം ) കാലയളവ് ക്രമീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം ലഭ്യമാക്കണമെന്ന് പരാമർശം (4) പ്രകാരം കാർഷിക വികസ്സന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് അഭ്യർത്ഥിച്ചിരുന്നു. സസ്പെൻഷന് ശേഷം ടിയാനെ ഏത് ഒഴിവിൽ നിയമിക്കണമെന്ന തീരുമാനം വൈകിയതാണ് നിയമനം നൽകുന്നതിന് കാലതാമസമുണ്ടാക്കിയത് എന്നും ഈ കാലയളവിൽ വകുപ്പിൽ ഒരു അസിസ്റ്റന്റ് ഡയറക്ടറുടെ ഒഴിവ് നികത്തപ്പെടാതെ നിലവിലുണ്ടായിരുന്നുവെന്നും കാർഷിക

വികസ്സന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുവെമ്പ് കൃഷി ഭവനിലെ കൃഷി ഓഫീസറായിരുന്ന ശ്രീ അരുൺ ടി. ടി യുടെ സസ്പെൻഷൻ പിൻവലിച്ചുകൊണ്ടുള്ള ഉത്തരവ് തീയതിയായ 19/12/2022 മുതൽ ടിയാൻ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള (31/12/2022 അപരാഹ്നത്തിലാണ് തിരികെ ജോലിയിൽ പ്രവേശിച്ചതെങ്കിൽ 31/12/2022 വരെയുള്ള ഇടവേള) എല്ലാ ആവശ്യങ്ങൾക്കും ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീ അരുൺ ടി. ടി (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA2/267/2023-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്